**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 639** 13.06.2012-ൽ മറുപടിക്ക്

**<u>മഴക്കാലജന്യരോഗങ്ങൾ</u>**

| **<u>ചോദ്യം</u>** | **<u>മറുപടി</u>** |
|---|---|
| ശ്രീ. എം. ഉമ്മർ | **ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| എ) സംസ്ഥാനത്ത് കഴിഞ്ഞവർഷം മഴക്കാലജന്യരോഗങ്ങൾ ഉണ്ടായിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) ഈ വർഷം പ്രസ്തുത രോഗങ്ങളുടെ പ്രതിരോധത്തിനായി സ്വീകരിച്ച മാർഗ്ഗങ്ങൾ വ്യക്തമാക്കാമോ ; | ബി) മഴക്കാലരോഗങ്ങൾക്കെതിരെ മുൻകൂട്ടി പ്രതിരോധിക്കുവാൻ ഈ വർഷം ജനുവരി മുതൽ സംസ്ഥാനത്ത് 'സമഗ്ര' എന്ന പേരിൽ ഒരു പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. മൂന്ന് ഘട്ടങ്ങളിലായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.<br>ജനുവരി 15ന് തുടങ്ങി മാർച്ച് 15ന് അവസാനിച്ച ഒന്നാം ഘട്ടത്തിൽ ജില്ലാതലം മുതൽ വാർഡ് തലം വരെ അവലോകന യോഗങ്ങൾ, കൊതുക്-കൂത്താടി നശീകരണ മാലിന്യ നിർമ്മാർജ്ജനം, ആരോഗ്യ ബോധവത്കരണം തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തി.<br>മെയ് 15-ന് ആരംഭിച്ച രണ്ടാം ഘട്ട പ്രവർത്തനങ്ങൾ ജൂലായ് 31 വരെ തുടരും. ഈ ഘട്ടത്തിൽ രോഗപ്രതിരോധം, രോഗചികിത്സ, പകർച്ചവ്യാധി നിരീക്ഷണവും നിയന്ത്രണവും, കുടിവെള്ള സ്രോതസ്സുകളിൽ ക്ലോറിനേഷൻ തുടങ്ങിയ പ്രവർത്തനങ്ങൾ ഇതര വകുപ്പുകളുടെ സഹകരണത്തോടെ നടപ്പിലാക്കി വരുന്നു. |

രോഗചികിത്സയ്ക്ക് ആവശ്യമായ ഡോക്ടർമാരെയും നഴ്സുമാരെയും മറ്റ് ഉദ്യോഗസ്ഥരെയും ആശുപത്രികളിലും പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും വിന്യസിക്കുകയും മരുന്നുകൾ, ഒ.ആർ.എസ്., ഐ.വി. ഫ്ളൂയിഡുകൾ, മറ്റ് അനുബന്ധ സാമഗ്രികൾ എന്നിവയുടെ ലഭ്യത ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. പനി വാർഡുകൾ/ഒ.ആർ.എസ് ഡിപ്പോകൾ, ഒ.ആർ.റ്റി. കോർണറുകൾ എന്നിവ ആരംഭിച്ചു. രോഗനിർണ്ണയത്തിനും ചികിത്സയ്ക്കും ആവശ്യമായ സംവിധാനം ഒരുക്കുകയും രോഗം കൂടുതലായി കണ്ടുവരുന്ന പ്രദേശങ്ങളിൽ പ്രത്യേക മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

| | |
|---|---|
| സി) ബോധവൽക്കരണ ക്ലാസുകൾക്കും പ്രതിരോധ പ്രവർത്തനങ്ങൾക്കും സ്വകാര്യ ആശുപത്രികളുടെ സേവനം പ്രയോജനപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; | സി) പരിഗണനയിലുണ്ട്. |
| ഡി) പനിയും മറ്റു രോഗങ്ങളും വ്യാപിക്കാനിടയുള്ള പശ്ചാത്തലത്തിൽ മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ? | ഡി) മുൻകരുതൽ നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ